കൃഷ്ണപുരം ജൂനിയർ ടെക്നിക്കൽ സ്കൂളിനെ പോളിടെക്നിക് ആയി ഉയർത്താൻ നടപടി

129 [728] ശ്രീ. എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്തിനടുത്തുള്ള കൃഷ്ണപുരം ജൂനിയർ ടെക്നിക്കൽ സ്കൂൾ ഒരു പോളിടെക്നിക്കായി ഉയർത്തിക്കൊണ്ട് 5 വർഷത്തിനുമുമ്പ് ഉത്തരവിട്ടുവോ;

(ബി) പിന്നീട് ഈ ഉത്തരവ് പിൻവലിച്ചുവോ; എങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) അടുത്ത അദ്ധ്യയന വർഷം പ്രസ്തുത ടെക്നിക്കൽ സ്കൂളിനെ ഒരു പോളിടെക്നിക്കായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉത്തരവിട്ടിട്ടുണ്ട്.

(ബി) 11-6-1996-ലെ സർക്കാർ ഉത്തരവ് [ജി. ഒ. (എംഎസ്.) 122/96/ഉ.വി. വകുപ്പ്] പ്രകാരം പിൻവലിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക പ്രശ്നങ്ങളാൽ തുടർന്നുള്ള നടപടികൾ ഉണ്ടായിട്ടില്ല.

(സി) പോളിടെക്നിക്കായി ഉയർത്തുന്നതിന് എ.ഐ.സി.റ്റി.ഇ. യുടെ അംഗീകാരം നേടേണ്ടതുണ്ട്. അതിനുശേഷം അപേക്ഷ സമർപ്പിച്ചാൽ സർക്കാരിന്റെ സാമ്പത്തികനില മെച്ചപ്പെടുന്നതനുസരിച്ച് തീരുമാനമെടുക്കാവുന്നതാണ്.

ഉപ്പളയിൽ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ സ്ഥാപിക്കാൻ നടപടി

130 [729] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പളയിൽ ഐ. എച്ച്. ആർ. ഡി. യുടെ ആഭിമുഖ്യത്തിൽ ആരംഭിക്കാൻ നിർദ്ദേശിച്ചിട്ടുള്ള ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ എന്നത്തേക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഐ. എച്ച്. ആർ. ഡി. യുടെ ആഭിമുഖ്യത്തിൽ പുതുതായി ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ സ്ഥാപിക്കുന്നതിനായി രണ്ടേക്കർ ഭൂമിയും ഒരു വർഷക്കാലത്തേക്ക് സൗജന്യമായി കെട്ടിട സൗകര്യങ്ങളും തദ്ദേശവാസികൾ നൽകുന്നപക്ഷം ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly